# Weekly Devotion - May 2018

## The one who overcomes the world (ലോകത്തെ ജയിക്കുന്നവൻ)




ലോകത്തെ ജയിക്കുവാൻ ആഗ്രഹമുള്ള വ്യക്തി ദൈവത്തിൽ നിന്ന് ജനിച്ചതാകുകയും , യേശു ദൈവപുത്രനെന്ന് വിശ്വസിച്ച് സ്നേഹിക്കുകയും ചെയ്യണം.

Read 1 യോഹ(5:4,5)

ഒരിക്കൽ കത്തിയെരിയുന്ന ഒരു വീടിന്റെ സമീപെയുള്ള ആൾക്കൂട്ടം കണ്ട് അവിടെ എത്തിയ അവിശ്വാസിയായ ഒരു മനുഷ്യൻ കാഴ്ച കണ്ടു നിന്ന ഗ്രാമവാസികളോട് കോപിച്ച് , രക്ഷകനായി തീയിലേക്ക് ഇറങ്ങി. തന്നെ വിഴുങ്ങുവാൻ വന്ന തീയെ അവഗണിച്ച അദ്ദേഹത്തിന് ഒരു ബാലനെ മാത്രമേ പൊള്ളലോടെ രക്ഷിപ്പാൻ സാധിച്ചുള്ളൂ. തീയിൽ നിന്നും പുറത്തു വന്ന ബാലനേയും രക്ഷിച്ച മനുഷ്യനേയും നാട്ടുകാർ ആശുപത്രിയിലാക്കി. സഹായഹസ്തം നീട്ടിയ മനുഷ്യൻ ഒരു അവിശ്വാസി ആയിരുന്നു. തന്റെ സ്നേഹനിധിയായ ഭാര്യയേയും മകനേയും ഈ ലോകത്തിൽ നിന്ന് മാറ്റിയതിനു കാരണം ദൈവമെന്ന ചിന്തയാണ് അയാളെ അവിശ്വാസിയാക്കിയത്. ആരോഗ്യം വീണ്ടെടുത്ത അവിശ്വാസി, ഗ്രാമവാസികൾ ബാലനെ വളർത്തുവാൻ ആളെ അന്വേഷിക്കുന്നു എന്നറിഞ്ഞ് തന്റെ അപേക്ഷയുമായി എത്തി. തീയിൽ നിന്നും വലിച്ചെടുത്തവനാണ് രക്ഷകൻ . അവനു മാത്രമേ തുടർന്നും രക്ഷിക്കുവാനധികാരമുള്ളൂ എന്ന് പറഞ്ഞ് അയാൾ ഷർട്ട് ഊരി തന്റെ പൊള്ളലേറ്റ ശരീരം കാട്ടിയപ്പോൾ വ്യാജരക്ഷകർ ബാലനെ അവിശ്വാസിക്ക് നൽകി.

സന്തോഷത്തോടെ ബാലനും അവന്റെ ഡാഡിയായി അയാളും ജീവിച്ചു. ഒരു ദിവസം ഡാഡിയും മകനും കൂടി ഒരു ചിത്ര പ്രദർശനം കാണുവാൻ പോയി . ആണിപ്പാടുള്ള കരം കാട്ടി തോമസ്സിനോട് യേശു സംസാരിക്കുന്ന ചിത്രം ബാലനെ ആകർഷിച്ചു. തന്റെ ഡാഡി തന്നോട് പറഞ്ഞിട്ടുള്ള കഥകളിലെങ്ങും ഇപ്രകാരം ഒരാൾ വന്നിട്ടില്ല. അവൻ ആ പടത്തിന് മുമ്പിൽ നോക്കി നിന്നു. ഡാഡി അടുത്തെത്തിയപ്പോൾ ഇവർ ആര്? എപ്രകാരമാണ് ആ കരങ്ങളിൽ മുറിവുണ്ടായത് എന്ന് നിറുത്താതെ  ചോദിച്ചു. ഇത് കെട്ടുകഥയാണ്. വരിക നമുക്ക് പോകാം എന്ന ഡാഡിയുടെ വാക്കുകൾ അവൻ ശ്രദ്ധിച്ചില്ല. അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. തന്റെ പൊന്നുമോന്റെ കണ്ണുകൾ നിറഞ്ഞതു കണ്ട ഡാഡി യേശുവിനെപ്പറ്റി പറഞ്ഞു. രക്ഷകന്റെ കൈകളിലെയും കാലുകളിലെയും മുറിവിനെപ്പറ്റി വിവരിച്ചപ്പോൾ ഡാഡി എന്നെ തീയിൽ നിന്ന്  രക്ഷിച്ചതുപോലെ യേശു നാം ജയാളികളായി ജീവിപ്പാൻ ഈ കഷ്ടം അനുഭവിച്ചു എന്ന് പറഞ്ഞ് അവിശ്വാസിയെ കെട്ടിപ്പുണർന്നപ്പോൾ അദ്ദേഹത്തിന്റെ അവിശ്വാസം ഉരുകി മാറി വിശ്വാസിയായിത്തീർന്നു.

**<u>ജയാളിയാകേണ്ടവൻ വിശ്വസിപ്പാനുള്ള കാരണങ്ങൾ</u>**

Read - മർക്കോ : 11:22-23

**<u>1.വിജയം വാഗ്ദാനം ചെയ്യുന്നു.</u>**

ജയാളിയാകേണ്ടവർ ഹൃദയത്തിൽ സംശയിക്കാതെ പറയുന്നത് സംഭവിക്കും എന്ന് വിശ്വസിച്ച് ചോദിക്കണം. തകർച്ചയാണ് മുൻപിൽ എന്ന് കണ്ട് ഭയപ്പെടാതെ യഹോവയിലാശ്രയിച്ച് വിശ്വസിച്ചുറച്ചു നിന്നാൽ വിജയം നിശ്ചയമാണ്. 2 ദിന:(20:20)ൽ യഹോവയുടെ അരുളപ്പാട് അറിയിക്കുന്നവരെ വിശ്വസിക്കണം എന്ന് കാണുന്നു. അതും നമ്മുടെ വിജയത്തിനാവശ്യമാണ്.

**<u>2. വിശ്വസിക്കുക അടിസ്ഥാനപരമായ കടമ</u>**

അവിശ്വാസികൾ നശ്വരമായ ഈ ലോകത്തിലെ സുഖസൗകര്യങ്ങൾ , ആഹാരം, ഇവ അന്വേഷിക്കുന്നു. എന്നാൽ വിശ്വാസി നിത്യജീവനാധാരമായ ആഹാരം വിശ്വാസത്തോടെ  അന്വേഷിക്കുന്നു. ദൈവത്തിന് പ്രസാദമുള്ള പ്രവർത്തി അവൻ അയച്ചവനിൽ വിശ്വസിക്കുക ഇതാണ് അടിസ്ഥാനപരമായ കടമ.

3. **സംശയത്തെ യേശു ശാസിക്കുന്നു.**

അവിശ്വാസികളുടെ സംശയരോഗമാണ് അവരുടെ കുടുംബവും സഭയും നശിക്കുവാനുള്ള കാരണം. മത്താ(14:31) ൽ പത്രോസിന്റെ സംശയം ഉളവാക്കിയ ഭയം കൊണ്ട് യേശു അവനെ അവിശ്വാസി എന്ന് വിളിക്കുന്നു. യോഹ(20:27) ൽ വാതിൽ അടച്ചിരിക്കെ ശിഷ്യൻമാരുടെ നടുവിലെത്തിയ യേശു മുറിവേറ്റ തന്റെ കരങ്ങളിൽ വിരൽ ഇട്ട് നോക്കുവാൻ തോമസ്സിനോട് ആവശ്യപ്പെടുന്നു. അവിശ്വാസി ആകാതെ വിശ്വാസിയാകുവാൻ അവനോട് ആവശ്യപ്പെടുന്നു.

**4. പ്രതിരോധത്തിന്റെ ആയുധം**

ഏഫേ:(6:16) ൽ ദുഷ്ടന്റെ തീയമ്പുകളെ കെടുത്തുന്നതാണ് വിശ്വാസം എന്ന് കാണാം. അതിനായി നാം ഉണർന്നിരിക്കേണം. സർവ്വായുധവർഗ്ഗം ധരിക്കേണ്ടത് ആവശ്യമാണ്. പകലിനുള്ളവരായി ഉണർന്നിരിക്കുന്ന നാം വിശ്വാസം , സ്നേഹം എന്ന കവചവും , രക്ഷയുടെ പ്രത്യാശ ശിരസ്ത്രമായി ധരിച്ച് ഉണർന്നിരിക്കേണം.

Read: 1 തെസ്സ (5:5-8)

**5) പ്രാർത്ഥനയുടെ പ്രധാന ഘടകം**

വിശ്വാസമെന്നതാണ് പ്രാർത്ഥനയുടെ പ്രധാന ഘടകം. നാവിന്മേലവന്റെ പുകഴ്ചയും , മഹത്വവും കൂടാതെ കപടമില്ലാത്ത ഹൃദയത്തോടു കൂടിയുള്ള പ്രാർത്ഥനയും നമ്മെ ജ്ഞാനികളാക്കുന്നു. യഹോവ ഭക്തി നമുക്ക് കുറവുള്ള ജ്ഞാനം ചോദിച്ചു വാങ്ങി ലോകത്തെ ജയിപ്പാൻ സഹായിക്കുന്നു.

പ്രീയമുള്ള മക്കളെ ! അവിശ്വാസികൾ ആകാതെ വിശ്വാസികളാകുക. കാണാത്ത കാര്യങ്ങളുടെ നിശ്ചയമാണ് വിശ്വാസം എന്നതിനാൽ നമ്മെ കാണുന്നവനിൽ വിശ്വസിച്ച് മുമ്പോട്ട് പോകുക.ദൈവം അനുഗ്രഹിക്കട്ടെ.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind